# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 10, ചൊവ്വാഴ്ച

**നമ്പർ 26**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

2021 ആഗസ്റ്റ് 8-ാം തീയതി അട്ടപ്പാടി ഷോളയൂർ പഞ്ചായത്തിലെ വട്ട് ലക്കി ആദിവാസി ഊരിലെ മൂപ്പനെയും മകനെയും പോലീസ് കയ്യേറ്റം ചെയ്യുകയും അറസ്റ്റ് ചെയ്യുകയും ചെയ്തുമൂലം ആദിവാസി സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീൻ-ഉം മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് നെല്ല് സംഭരണ നടപടികളിലെ അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. ഡി. പ്രസേനൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ആദിവാസി ഗോത്രസമൂഹങ്ങളുടെ നിയമപരമായ അവകാശങ്ങൾ ലംഘിക്കപ്പെടുന്നത് സംബന്ധിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണൻ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1294/2021 (i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | പുനർഗേഹം പദ്ധതി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | വടകര-മാഹി കനാൽ | മുഖ്യമന്ത്രി |
| 3 | ശ്രീ. ഐ. ബി. സതീഷ് | കരമന-വെള്ളറട റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിലെ ഹൗസ് ബോട്ട് മേഖല നേരിടുന്ന പ്രതിസന്ധി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. രമേശ് ചെന്നിത്തല | റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ തുക | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചിറ്റാരി-കണ്ടി വാളുക്കൽ റോഡ് നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 7 | ശ്രീ. ഡി. കെ. മുരളി | ഫാം തൊഴിലാളികളുടെ ശമ്പള വർദ്ധനവും ക്ഷാമബത്ത കുടിശ്ശികയും സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായവും പുനരധിവാസ പ്രവർത്തനങ്ങളും | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 9 | ശ്രീ. അനൂപ് ജേക്കബ് | പിറവം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. യു. എ. ലത്തീഫ് | മഞ്ചേരി ജനറൽ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-2023)-യുടെ ഒന്ന് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു സർക്കാർ ഉത്തരവിലൂടെ പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധമായ ഒരു നടപടി സ്വീകരിച്ചതുമൂലം ഉളവായിട്ടുള്ള നിയമ പ്രശ്നങ്ങളെ സംബന്ധിച്ച് ചട്ടം 303 പ്രകാരം ശ്രീ. റോജി എം. ജോൺ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള 63-ാം വകുപ്പിലെ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു സർക്കാർ ഉത്തരവിലൂടെ പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധമായ ഒരു നടപടി സ്വീകരിച്ചത് തികച്ചും നിയമവിരുദ്ധവും സഭാ നടപടി ചട്ടങ്ങൾക്കും സബോർഡിനേറ്റ് ലെജിസ്ലേഷൻ തത്വങ്ങൾക്കും വിരുദ്ധമാണെന്നും അതുവഴി സഭാംഗങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന അവകാശങ്ങൾ ഹനിക്കപ്പെടുകയുണ്ടായെന്നുമാണ് ശ്രീ. റോജി എം. ജോൺ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച പ്രധാന ആക്ഷേപം.

2021 ജൂലൈ 26-ാം തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 29/2021- ാം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും അതുമൂലം ഉളവായ ക്രമരാഹിത്യത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടൊപ്പം പരാമർശ വിധേയമായ സർക്കാർ ഉത്തരവിന് പകരമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓർഡർ (SRO) ഗസറ്റിൽ വിജ്ഞാപനം നടത്തിക്കഴിഞ്ഞതായും ബഹുമാനപ്പെട്ട മന്ത്രി, സഭയെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 62-ാം വകുപ്പിലെ നിബന്ധനയെ ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് സംബന്ധിച്ച വിഷയം ഈ സമ്മേളനത്തിൽത്തന്നെ, ജൂലൈ 27-ാം തീയതി ചോദ്യോത്തര വേളയിൽ സഭയിൽ ഉയർന്നു വരികയും സഭ പാസ്സാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥയെ, നടപടിക്രമങ്ങൾ പാലിക്കാതെ, കേവലം ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്യുന്നതിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും, നിയമത്തിലെ വ്യവസ്ഥകൾക്കും, സഭാ ചട്ടങ്ങൾക്കും അനുരോധകമാകത്തക്ക വിധത്തിൽ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട്, നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്തുന്നതിലേക്കാവശ്യമായ അനുമതി നല്കിക്കൊണ്ടുള്ള S.R.O. (Statutory Rules and Order) ഗസറ്റിൽ വിജ്ഞാപനം ചെയ്തു കഴിഞ്ഞതായി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞതായി കാണുന്നു. എന്നിരുന്നാലും ഇത്തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വേണ്ട ജാഗ്രത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. "

<u>ധനകാര്യം</u> :

<u>2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII - ാം നമ്പർ ധനാഭ്യർത്ഥന, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും,

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും, മൃഗസംരക്ഷണം എന്ന XXXI- ാം നമ്പർ ധനാഭ്യർത്ഥന, ക്ഷീരവികസനം എന്ന XXXII- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XVII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 7, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 22, 23, 24, 25, 26, 28, 29, 31, 33, 35, 36, 37, 39 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIV - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13, 14, 15, 16, 17, 18, 20, 22, 23, 24, 25, 28, 29, 31, 32, 33, 34, 35, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXV- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 15, 16, 17, 18, 20, 21, 22, 23, 25, 26, 28, 30, 31, 32, 33, 34, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXI - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 13, 14, 16, 17, 18, 19, 20, 21, 22, 23, 26, 27, 28, 29, 30, 31, 36, 37, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 30, 31, 33, 34, 35, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XLVI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 24, 25, 26, 27, 29, 31, 33, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. പി. നന്ദകുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. വി. ശശി

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ഒ. ആർ. കേളു

ശ്രീ. പ്രമോദ് നാരായൺ

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. എം. വിജിൻ

ശ്രീ. എ. പി. അനിൽ കുമാർ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും, മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം,

സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും, മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും, ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVII, XXIV, XXV, XXXI, XXXII, XLVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

തുടർന്ന്, ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമാകയാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിച്ചു.

I — സംസ്ഥാന നിയമസഭ

VII — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

X — ട്രഷറികളും അക്കൗണ്ടുകളും

XVI — പെൻഷനും പലവകയും

XLIII — നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും

XLV — പലവക വായ്പകളും മുൻകൂറുകളും.

ധനാഭ്യർത്ഥന നമ്പർ VII, X, XVI, XLIII, XLV എന്നിവയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു. ധനാഭ്യർത്ഥന നമ്പർ I, VII, X, XVI, XLIII, XLV എന്നിവ സഭ പാസ്സാക്കി.

2021 ആഗസ്റ്റ് 11- ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.21 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

( Brief Record of Proceedings )

*Tuesday, August 10, 2021*

**No. 26**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri. N. Samsudheen and five other Members regarding the serious situation reported to have arisen among tribal communities consequent to the police highhandedness and arrest of tribal leader of Vattulukki hamlet in Sholayur panchayat of Attapady and his son on 8th August 2021.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout.)

*Calling Attention :*

(1) Shri K. D. Prasenan called the attention of the Minister for Food and Civil Supplies to the necessity to solve the shortcomings in paddy procurement in the State. The Minister made a statement thereto.

(2) Shri I. C. Balakrishnan called the attention of the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on the violation of the legal rights of Tribal Communities. The Minister made a statement thereto.

KNPP. 1294/2021 (ii).

***The Matters under Rule 304:***

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | പുനർഗേഹം പദ്ധതി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | വടകര-മാഹി കനാൽ | മുഖ്യമന്ത്രി |
| 3 | ശ്രീ. ഐ. ബി. സതീഷ് | കരമന-വെള്ളറട റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിലെ ഹൗസ് ബോട്ട് മേഖല നേരിടുന്ന പ്രതിസന്ധി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. രമേശ് ചെന്നിത്തല | റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ തുക | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചിറ്റാരി-കണ്ടി വാളുക്കൽ റോഡ് നിർമ്മാണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 7 | ശ്രീ. ഡി. കെ. മുരളി | ഫാം തൊഴിലാളികളുടെ ശമ്പള വർദ്ധനവും ക്ഷാമബത്ത കുടിശ്ശികയും സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായവും പുനരധിവാസ പ്രവർത്തനങ്ങളും | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 9 | ശ്രീ. അനൂപ് ജേക്കബ് | പിറവം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. യു. എ. ലത്തീഫ് | മഞ്ചേരി ജനറൽ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Report :*

The First to Tenth Reports of Committee on Local Fund Accounts (2021-2023) were presented.

*Ruling of Speaker :*

The Speaker gave the following ruling on the point of order raised by Shri Roji M. John under Rule 303 regarding the legal questions arising out of the issuance of a Government order under the provisions of the Sree Narayanaguru Open University Act, 2021 in contravention of the Section 72 of the said Act.

“2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള 63-ാം വകുപ്പിലെ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു സർക്കാർ ഉത്തരവിലൂടെ പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധമായ ഒരു നടപടി സ്വീകരിച്ചത് തികച്ചും നിയമവിരുദ്ധവും സഭാ നടപടി ചട്ടങ്ങൾക്കും സബോർഡിനേറ്റ് ലെജിസ്ലേഷൻ തത്വങ്ങൾക്കും വിരുദ്ധമാണെന്നും അതുവഴി സഭാംഗങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന അവകാശങ്ങൾ ഹനിക്കപ്പെടുകയുണ്ടായെന്നുമാണ് ശ്രീ. റോജി എം. ജോൺ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച പ്രധാന ആക്ഷേപം.

2021 ജൂലൈ 26-ാം തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 29/2021- ാം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും അതുമൂലം ഉളവായ ക്രമരാഹിത്യത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടൊപ്പം പരാമർശ വിധേയമായ സർക്കാർ ഉത്തരവിന് പകരമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓർഡർ (SRO) ഗസറ്റിൽ വിജ്ഞാപനം നടത്തിക്കഴിഞ്ഞതായും ബഹുമാനപ്പെട്ട മന്ത്രി, സഭയെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 62-ാം വകുപ്പിലെ നിബന്ധനയെ ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് സംബന്ധിച്ച വിഷയം ഈ സമ്മേളനത്തിൽത്തന്നെ, ജൂലൈ 27-ാം തീയതി ചോദ്യോത്തര വേളയിൽ സഭയിൽ ഉയർന്നു വരികയും സഭ പാസ്സാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥയെ, നടപടിക്രമങ്ങൾ പാലിക്കാതെ, കേവലം ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്യുന്നതിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും, നിയമത്തിലെ വ്യവസ്ഥകൾക്കും, സഭാ ചട്ടങ്ങൾക്കും അനുരോധകമാകത്തക്ക വിധത്തിൽ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട്, നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്തുന്നതിലേക്കാവശ്യമായ അനുമതി നല്കിക്കൊണ്ടുള്ള S.R.O. (Statutory Rules and Order) ഗസറ്റിൽ വിജ്ഞാപനം ചെയ്തു കഴിഞ്ഞതായി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞതായി കാണുന്നു. എന്നിരുന്നാലും ഇത്തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വേണ്ട ജാഗ്രത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. ”

*Financial Business :*

<u>*Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022*</u>

Shri V. Sivankutty, Minister for General Education and Labour moved Demand No. XVII—Education, Sports, Art and Culture and Demand No. XXIV—Labour, Labour Welfare and Welfare of Non-Residents, Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms moved Demand No. XXV—Welfare of Scheduled Castes/ Scheduled Tribes/Other Backward Classes and Minorities and Smt. J. Chinchurani, Minister for Animal Husbandry and Zoo moved Demand No. XXXI—Animal Husbandry and Demand No. XXXII—Dairy and DR. R. Bindu, Minister for Higher Education and Social Justice moved Demand No. XLVI—Social Security and Welfare for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos XVII, XXIV, XXV, XXXI, XXXII and XLVI.

The cut motion Nos. 1, 2, 3, 4, 7, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 22, 23, 24, 25, 26, 28, 29, 31, 33, 35, 36, 37, 39 in the list of cut motions for Demand No. XVII, cut motion Nos. 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13, 14, 15, 16, 17, 18, 20, 22, 23, 24, 25, 28, 29, 31, 32, 33, 34, 35, 37 in the list of cut motions for Demand No. XXIV, cut motion Nos. 1, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 15, 16, 17, 18, 20, 21, 22, 23, 25, 26, 28, 30, 31, 32, 33, 34, 36 in the list of cut motions for Demand No. XXV, cut motion Nos. 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 13, 14, 16, 17, 18, 19, 20, 21, 22, 23, 26, 27, 28, 29, 30, 31, 36, 37, 38 in the list of cut motions for Demand No. XXXI, cut motion Nos. 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 30, 31, 33, 34, 35, 37 in the list of cut motions for Demand No. XXXII and cut motion Nos. 1, 2, 3, 4, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 24, 25, 26, 27, 29, 31, 33, 35, 36 in the list of cut motions for Demand No. XLVI were moved.

The following members took part in the discussion:

Shri P. Nandakumar

Shri I. C. Balakrishnan

Shri V. Sasi

Shri P. Abdul Hameed

Shri Anoop Jacob

Shri O. R. Kelu

Shri Pramod Narayan

Smt. K. K. Rema

Shri K. M. Sachindev

Shri K. B. Ganesh Kumar

Shri M. Mukesh

Shri Saneeshkumar Joseph

Smt. Santhakumari K.

Shri N. Samsudheen

Shri M. S. Arun Kumar

Shri G. Steephen

Shri T. V. Ibrahim

Shri V. R. Sunil Kumar

Shri M. Vijin

Shri A. P. Anil Kumar

Shri V. Sivankutty, Minister for General Education and Labour, DR. R. Bindu, Minister for Higher Education and Social Justice, Shri Saji Cherian, Minister for Fisheries, Culture and Youth Affairs, on behalf of Minister for Sports, Wakf and Haj Pilgrimage, Shri Saji Cherian, Minister for Fisheries, Culture and Youth

Affairs, Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms, Smt. J. Chinchurani, Minister for Animal Husbandry and Zoo and Smt. Veena George, Minister for Health and Woman and Child Development replied to the points raised during the discussion. The cut motions were declared lost. Then the Demands Nos. XVII, XXIV, XXV, XXXI, XXXII, and XLVI were put to vote and passed.

Being the last day allotted for voting on Demands for Grants, all the remaining Demands given below were guillotined in the following order for the amounts shown respectively against them in column 9 in the list of Demands for Grants.

I —State Legislature

VII — Stamps and Registrations

X—Treasury and Accounts

XVI —Pension and Miscellaneous

XLIII— Compensation and Assignments

XLV—Miscellaneous Loans and Advances.

Shri. K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos. VII, X, XVI, XLIII and XLV. Then the Demand Nos. I, VII, X, XVI, XLIII and XLV were passed.

The House adjourned at 5.21 p.m. to meet again at 9.00 a.m on Wednesday, August 11, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*